


അനൂപ് അനന്തൻ

**കൂട്ടുകാരേ... ഈ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പരിചയപ്പെടുത്തുന്നത് സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സ്ത്രീസാന്നിധ്യത്തെ കുറിച്ചാണ്. എണ്ണിയാൽ തീരാത്ത സ്ത്രീകളുടെ പങ്കാളിത്തം നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിന് പറയാനുണ്ട്. അവയിൽ ചുരുക്കം ചിലരെ പരിചയപ്പെടാം.**



# സ്വാതന്ത്ര്യസമര ചരിത്രത്തിലെ സ്ത്രീകൾ


ബീഗം ഹസ്രത്ത് മഹൽ

## ബീഗം ഹസ്രത്ത് മഹൽ

1820-ൽ ബ്രിട്ടീഷ് ഇന്ത്യയിലെ ഫൈസാബാദിലുള്ള അവധ് എന്ന നാട്ടുരാജ്യത്താണ് ബീഗം ഹസ്രത്ത് മഹൽ ജനിച്ചത്. അവധിലെ അവസാനത്തെ നവാബായിരുന്ന വാജിദ് അലിഷായുടെ ആദ്യഭാര്യയായിരുന്നു അവർ.

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് ഈസ്റ്റിന്ത്യാ കമ്പനിക്കെതിരെ പോരാടി ബീഗം ഹസ്രത്ത് മഹൽ. ബ്രിട്ടീഷുകാർ വാജിദ് അലിയെ നാടുകടത്തിയതിനെ തുടർന്ന് അധികാരമേറ്റെടുത്ത മഹൽ, അവധിനെ ഈസ്റ്റിന്ത്യാ കമ്പനിയുമായി

» ഗാന്ധിജി ഇടപെട്ട കേരളത്തിലെ ആദ്യ സത്യഗ്രഹം- വൈക്കം സത്യഗ്രഹം

ചേർക്കാനുള്ള ശ്രമങ്ങൾക്കെതിരെ പോരാടി. രാജ്യത്തു നിന്ന് പുറത്താക്കപ്പെടുന്നതിനു മുമ്പ് തന്റെ മകൻ ബിർജിസിനെ അവധിന്റെ ഭരണാധികാരിയായി വാഴിച്ചുവെങ്കിലും അത് കുറച്ചുനാളേ നീണ്ടുനിന്നുള്ളൂ. പിന്നീട് നേപ്പാളിൽ അഭയം തേടിയ അവർ അവിടെവെച്ച് 1879-ൽ മരണമടഞ്ഞു.



ബിഉമ്മ

## ബിഉമ്മ

1850-ൽ ഉത്തർപ്രദേശിലെ പേരുകേട്ട കുടുംബത്തിലാണ് ബിഉമ്മ ജനിച്ചത്. സ്വാതന്ത്ര്യപ്പോരാട്ട ചരിത്രത്തിൽ ഓർമ്മിക്കപ്പെടേണ്ട പേരാണ് അവരുടേത്. അബ്ദുൽ അലിഖാനെ വിവാഹം കഴിച്ചു. ഖിലാഫത്ത് പ്രസ്ഥാന നായകരായ മൗലാനാ ഷൗക്കത്തലി, മൗലാനാ മുഹമ്മദ് അലി ജൗഹർ എന്നിവരടക്കം അഞ്ചു ആൺമക്കളും ഒരു പെൺകുട്ടിയുമായിരുന്നു അവർക്ക്. മുപ്പതാം വയസ്സിൽ വിധവയായി.

ബിഉമ്മക്ക് ഔദ്യോഗിക വിദ്യാഭ്യാസം ഉണ്ടായിരുന്നില്ലെങ്കിലും വിദ്യാഭ്യാസം നേടേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി നല്ല ധാരണയുണ്ടായിരുന്നു. അവർ തന്റെ സ്വർണാഭരണങ്ങൾ പണയപ്പെടുത്തി മക്കളെ അലീഗഢിലും ഓക്സ്ഫോഡിലുമെല്ലാം പഠിപ്പിച്ചു.

ഖിലാഫത്ത് മൂവ്മെന്റ് കാലത്ത് ഈ മക്കൾ ജയിലിലായിരിക്കെ മനോധൈര്യം കൈവിടാതെ ബിഉമ്മ സൗഹാർദത്തിനും ഐക്യത്തിനും വേണ്ടി നിലകൊണ്ടു. രാജ്യത്തുടനീളം സഞ്ചരിക്കുകയും ജനങ്ങളെ അഭിമുഖീകരിച്ച് സംസാരിക്കുകയും ചെയ്തു അവർ. 1924 നവംബർ 13-ന് മരണപ്പെട്ടു.

## കൗമുദി ടീച്ചർ

രാജ്യം വാഴ്ത്തിയ ത്യാഗമാണ് കൗമുദി ടീച്ചറുടേത്. 1934 ജനുവരി 14-നാണ് ചരിത്രത്തിൽ ഇടംപിടിച്ച ആ സംഭവം. ഹരിജനോദ്ധാരണത്തിന് ഫണ്ട് കണ്ടെത്തുന്നതിനായാണ് ഗാന്ധിജി 1934 ജനുവരി 10-ന് കേരളത്തിലെത്തിയത്. അദ്ദേഹത്തിൻെറ നാലാമത്തെ കേരള സന്ദർശനം.

14-ന് വടകര കോട്ടപറമ്പിൽ നടന്ന ചടങ്ങ്. ജനം തിങ്ങിനിറഞ്ഞു. സ്വർണാഭരണവിഭൂഷിതരായ സ്ത്രീകളെ നോക്കി ഗാന്ധിജി പറഞ്ഞു: ''നമ്മുടെ നാട് ദരിദ്രരാജ്യങ്ങളിലൊന്നാണ്. വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം വളരെക്കുറവ്. പിന്നെ വസ്ത്രത്തിൻെറയും ആഭരണത്തിൻെറയും കഥ പറയാനുണ്ടോ? നിങ്ങളിവിടെ ആവശ്യത്തിലേറെ ആഭരണങ്ങളണിഞ്ഞാണ് വന്നിരിക്കുന്നത്. നാടിൻെറ അവസ്ഥയനുസരിച്ച് നിങ്ങൾ കാണിക്കുന്നത് നീതിയാണോ?

അധികമെന്ന് നിങ്ങൾക്ക് ബോധ്യമു



കൗമുദി ടീച്ചർ

» ഗാന്ധിജിയുടെ ജന്മസ്ഥലമായ പോർബന്തർ ഗുജറാത്തിലാണ്

ള്ള ആഭരണങ്ങളിലൊരു പങ്ക് എന്നെ ഏൽപ്പിക്കുക. നിങ്ങളുടെ ദയാവായ്പു കൊണ്ട് ഒരു വയറെങ്കിലും നിറഞ്ഞെങ്കിൽ, അതിലും വലിയൊരു പുണ്യം ലഭിക്കാനുണ്ടോ...'' ആയിരങ്ങൾ പ്രസംഗം കേട്ടുകൊണ്ടിരിക്കെ 16കാരിയായ കൗമുദിയെന്ന പെൺകുട്ടി വേദിയിലേക്ക് കയറിവന്നു തന്റെ സ്വർണവള ഊരി ഗാന്ധിജിയെ ഏൽപ്പിച്ചു.

തുടർന്ന് ഗാന്ധിജിയോട് കൈയൊപ്പ് ആവശ്യപ്പെട്ടു. ഗാന്ധിജി കൈയൊപ്പ് ചാർത്താൻ ഒരുങ്ങവേ അവൾ അടുത്ത വള ഊരി. ഗാന്ധിജി പറഞ്ഞു: ''രണ്ട് വള വേണ്ട, ഒന്നുമതി...'' അവൾ അടുത്തതായി കഴുത്തിലെ സ്വർണമാല ഊരിനൽകി. ഗാന്ധിജി ചോദിച്ചു: ''മാതാപിതാക്കൾ സമ്മതിച്ചിട്ടുണ്ടോ..?'' ഉത്തരം നൽകാതെ അവൾ കമ്മലും അഴിച്ചു. ''ആഭരണങ്ങൾക്കായി അച്ഛനോട് വാശി പിടിക്കുമോ?'' ഗാന്ധിജിയുടെ ചോദ്യത്തിന് കൗമുദി ഉറച്ച സ്വരത്തിൽ മറുപടി നൽകി: ''ഇല്ല.'' ''ആഭരണമില്ലാത്ത പെൺകുട്ടിയെ വേണ്ടെന്ന് ഭർത്താവായി വരുന്നയാൾ നിർബന്ധം പിടിച്ചാലോ...'' ''അങ്ങനെ ഒരാളെ വേണ്ടെന്ന് പറയും.'' ഗാന്ധിജി കൗമുദിയുടെ ഓട്ടോഗ്രാഫിൽ എഴുതി: ''നീ കൈവിട്ടുകളഞ്ഞ ആഭരണത്തെക്കാൾ എത്രയോ മികച്ച ആഭരണമാണ് ഈ ത്യാഗം...'' ചരിത്രത്തിൽ രേഖപ്പെടുത്തിയ ഈ ത്യാഗത്തെക്കുറിച്ച് ഗാന്ധിജി പിന്നീട് പല വേദികളിലും പ്രസംഗിച്ചു. 'കൗമുദി കീ ത്യാഗ്' എന്ന പേരിൽ ലേഖനം എഴുതി.

കസ്തൂർബാ ഗാന്ധിയുടെ നേതൃത്വത്തിൽ കൊയിലാണ്ടിയിൽ നടത്തിയ മിശ്രഭോജന മടക്കമുള്ള ഒട്ടേറെ പ്രവർത്തനങ്ങളിലും സർവോദയ പ്രവർത്തനങ്ങളിലും പങ്കാളിയായി. 92-ാം വയസ്സിൽ 2009 ആഗസ്റ്റ് നാലിനായിരുന്നു അന്ത്യം.

## വിജയലക്ഷ്മി പണ്ഡിറ്റ്

ഇന്ത്യയിലെ ആദ്യത്തെ വനിതാമന്ത്രി. ഐക്യരാഷ്ട്ര സഭയിലേക്ക് പ്രതിനിധി സംഘത്തെ നയിച്ച ആദ്യവനിത, ലോകത്തെ ആദ്യ വനിതാസ്ഥാനപതി -വിജയലക്ഷ്മി പണ്ഡിറ്റിന്റെ നേട്ടങ്ങളുടെ പട്ടിക അങ്ങനെ വളരെ വലുതാണ്. 1900 ആഗസ്റ്റ് 18-ന് അലഹബാദിൽ ആനന്ദഭവനിൽ



*വിജയലക്ഷ്മി പണ്ഡിറ്റ്*

മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ് കുമാരിയുടെയും മകളായി വിജയലക്ഷ്മി ജനിച്ചു. ജ്യേഷ്ഠൻ ജവഹർലാൽ നെഹ്റു. അനിയത്തി കൃഷ്ണ. ദേശീയ പ്രസ്ഥാനത്തിൽ സജീവയായ വിജയലക്ഷ്മി പണ്ഡിറ്റ് നിരവധി ജാഥകൾ നയിച്ചു. പ്രഭാഷണങ്ങൾ നടത്തി. 1932 ജനുവരി 27-ന് അവർ അറസ്റ്റുചെയ്യപ്പെട്ടു. പിഴയോടു കൂടിയ ഒരുവർഷത്തെ കഠിനതടവാണ് ലഭിച്ചത്.

1936-ൽ പ്രവിശ്യകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി. ഉത്തർപ്രദേശ് നിയമസഭയിൽ അംഗമായി. മന്ത്രിയായി. രാജ്യത്തിന്റെ സമ്മതമില്ലാതെ ബ്രിട്ടൻ ഇന്ത്യയെക്കൂടി രണ്ടാം ലോകയുദ്ധത്തിൽ കക്ഷിചേർത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് മന്ത്രിസഭകൾ രാജിവെച്ചപ്പോൾ വിജയലക്ഷ്മിയും സ്ഥാനമൊഴിഞ്ഞു. ഗാന്ധിജി സത്യഗ്രഹപ്രസ്ഥാനമാരംഭിച്ചതോടെ വിജയലക്ഷ്മിയും അതിൽ പങ്കുചേർന്നു.

1940 ഡിസംബർ ഒമ്പതിന് നാലുമാസം തടവിനു ശിക്ഷിക്കപ്പെട്ടു. ക്വിറ്റിന്ത്യാ പ്രക്ഷോഭം ശക്തമായപ്പോൾ 1942 ആഗസ്റ്റ് 12-ന് വീണ്ടും അറസ്റ്റിലായി. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ വിജയലക്ഷ്മി രംഗത്തുവന്നു. 1977-ൽ അടിയന്തരാവസ്ഥ പിൻവലിച്ച

» ദക്ഷിണാഫ്രിക്കയെയാണ് ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണ ശാല എന്ന് വിശേഷിപ്പിക്കുന്നത്.

ശേഷം മൊറാർജി ദേശായിയുടെയും മറ്റും നേതൃത്വത്തിൽ രൂപവത്കരിച്ച ജനതാപാർട്ടിയെ അവർ പിന്തുണച്ചു. 1990 ഡിസംബർ ഒന്നിന് അന്തരിച്ചു.

## അക്കാമ്മ ചെറിയാൻ

1938. തിരുവനന്തപുരത്ത് രാജാവിനെ നേരിൽ കണ്ട് പരാതി അറിയിക്കുന്നതിനായി നടത്തിയ ജാഥ. പട്ടാള മേധാവി കേണൽ വാട്കിസ് സ്ഥലത്തെത്തി. ജാഥ അനുവദിക്കില്ലെന്നും വെടിവെക്കുമെന്നും പ്രഖ്യാപിച്ചു. 'വെടിവെക്കാനാണ് ഭാവമെങ്കിൽ ആദ്യം എന്റെ നെഞ്ചിൽ തന്നെ നിറയൊഴിക്കുക' എന്നു പ



*അക്കാമ്മ ചെറിയാൻ*

റഞ്ഞ് രംഗത്തെത്തിയ സ്ത്രീയാണ് അക്കാമ്മ ചെറിയാൻ. ഇതോടെ, തിരുവിതാംകൂർ സംസ്ഥാനത്ത് നടന്ന ദേശീയസമരങ്ങളിൽ നേതൃത്വം വഹിച്ചിരുന്ന അവർ കേരളത്തിലെ സ്ത്രീമുന്നേറ്റ ചരിത്രത്തിലെയും രാഷ്ട്രീയ ചരിത്രത്തിലെയും നിറസാന്നിധ്യമായി.

1909-ൽ ഫെബ്രുവരി 15-ന് കോട്ടയത്തെ കാഞ്ഞിരപ്പള്ളിയിൽ കരിപ്പാപ്പറമ്പിൽ തൊമ്മൻ ചെറിയാന്റെയും അന്നമ്മയുടെയും രണ്ടാമത്തെ പുത്രിയായാണ് ജനനം. സ്വാതന്ത്ര്യാനന്തരം തിരുവിതാംകൂർ നിയമസഭയിലേക്ക് അക്കാമ്മ തെരഞ്ഞെടുക്കപ്പെട്ടു. 1951-ൽ അവർ സ്വാതന്ത്ര്യസമര നേതാവും എം.എൽ.എയുമായ വി.വി. വർക്കിയെ വിവാഹം കഴിച്ചു. പിന്നീട് കോൺഗ്രസിൽ നിന്നകന്നു. ഇടതുപക്ഷത്തിന്റെ പിന്തുണയോടെ മീനച്ചിൽ പാർലമെന്റ് സീറ്റിൽ മത്സരിച്ചെങ്കിലും വിജയിച്ചില്ല. 1982മെയ് അഞ്ചിന് അന്തരിച്ചു.

## എ.വി. കുട്ടിമാളു അമ്മ

1932-ൽ അമ്മക്കൊപ്പം രണ്ടുമാസം പ്രായമുള്ള കുഞ്ഞിനെയും രാഷ്ട്രീയ



*എ.വി. കുട്ടിമാളു അമ്മ*

തടവുകാരായി ജയിലിൽ അടച്ച വാർത്ത ചൂടുള്ള സംഭവമായി. മകൾ ലക്ഷ്മിയെ പ്രസവിച്ച് രണ്ടുമാസമായപ്പോഴാണ് നിയമലംഘന സമരത്തിനെത്തി കുട്ടിമാളു അമ്മ അറസ്റ്റിലാവുന്നത്.

കുഞ്ഞിനെ അമ്മയെ ഏൽപിക്കണമെന്ന് ഭർത്താവ് മാധവമേനോൻ മജിസ്ട്രേറ്റ് കോടതിയിൽ ആവശ്യപ്പെട്ടെങ്കിലും കുഞ്ഞിനെ ജയിലിലേക്ക് കൊണ്ടുപോകാൻ അധികൃതർ അനുവദിച്ചില്ല. കുഞ്ഞുമായല്ലാതെ ജയിലിലേക്കില്ലെന്ന കുട്ടിമാളു അമ്മയുടെ വാശിക്കുമുമ്പിൽ അധികാരികൾ കീഴടങ്ങി.

പൊന്നാനി താലൂക്കിലെ ആനക്കര ഗ്രാമത്തിലുള്ള വടക്കത്തു കുടുംബത്തിൽ ഗോവിന്ദമേനോന്റെയും അമ്മുഅമ്മയുടെയും മൂത്തമകളായി 1905-ൽജനിച്ചു. പാരമ്പര്യമായി ബ്രിട്ടീഷ് സർക്കാറുമായി അടുപ്പം പുലർത്തിയവരായിരുന്നു.

മാധവമേനോനെ വിവാഹം കഴിച്ചതോടെയാണ് സ്വാതന്ത്ര്യസമരത്തെ കുറിച്ചും ദേശീയ പ്രസ്ഥാനത്തെ കുറിച്ചും മനസ്സിലാക്കുന്നത്. പഠനത്തിൽ ഏറെ ശ്രദ്ധിച്ച ഇവർ ദേശീയ നേതാക്കളുമായി അടുത്ത ബന്ധം പുലർത്തി. 1985 ഏപ്രിൽ 14-ന് അന്തരിച്ചു.

» ഗവർണർ ജനറലാണ് വൈസ്രോയി എന്നറിയപ്പെടുന്നത്.